# ഏലിയാ ശ്ലീവ മൂശക്കാലം

## വചന വിചിന്തനം

### ഏലിയക്കാലം : മൂന്നാം ഞായർ

### മത്താ 5,1–11

"വചനം സമ്മാനിക്കുന്ന വലിയ അമൃത്
സുവിശേഷഭാഗ്യങ്ങളാണ്.
സുവിശേഷഭാഗ്യങ്ങൾ ശ്രവിക്കുന്ന വിശ്വാസികൾ
മാതൃകയാക്കേണ്ടത്
സുവിശേഷഭാഗ്യങ്ങൾ സമ്മാനിക്കുന്ന കർത്താവിനെ തന്നെയാണ്!"

ശാന്തശീലം ദൈവാശ്രയബോധം തന്നെയാണ്. ദൈവത്തെ ആശ്രയിക്കുന്നവർ ശാന്തരും, സൗമ്യരുമായിരിക്കും!

കർത്താവ് ജനക്കൂട്ടത്തെ പഠിപ്പിക്കാൻ തുടങ്ങി. അവൻ പറഞ്ഞു, "നിങ്ങൾ ആത്മാവിൽ ദരിദ്രരാണെങ്കിൽ ഭാഗ്യവാൻമാർ; സ്വർഗരാജ്യം നിങ്ങളുടേതാണ്. നിങ്ങൾ വിലപിക്കുന്നവർ ആണെങ്കിൽ ഭാഗ്യവാൻമാർ; നിങ്ങൾ ആശ്വസിപ്പിക്കപ്പെടും. ഹൃദയത്തിൽ ശാന്തത കാത്തുസൂക്ഷിക്കുന്നവരാണ് നിങ്ങളെങ്കിൽ ഭാഗ്യവാൻമാർ. കാരണം, നിങ്ങൾ ഭൂമി അവകാശമാക്കും. നിങ്ങൾ നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവരാണെങ്കിൽ ഭാഗ്യവാൻമാർ. നിങ്ങൾക്കു സംതൃപ്തി ലഭിക്കും. അനുദിന ജീവിത്തിൽ കരുണയോടുകൂടെ വർത്തിക്കുന്നവരാണ് നിങ്ങളെങ്കിൽ നിങ്ങൾ ഭാഗ്യവാൻമാർ. ഒരുനാൾ നിങ്ങൾക്കും കരുണ ലഭിക്കും. നിങ്ങളുടെ ബന്ധങ്ങളിൽ ഹൃദയശുദ്ധിയോട് കൂടെയാണ് പെരുമാറുന്നതെങ്കിൽ നിങ്ങൾ ഭാഗ്യവാൻമാർ. നിങ്ങൾ ദൈവത്തെ കാണുകയും ദൈവരാജ്യം അവകാശമാക്കുകയും ചെയ്യും. ചെല്ലുന്ന ഇടങ്ങളിലും ഇരിക്കുന്ന ഇടങ്ങളിലും സമാധാനം സ്ഥാപിക്കുന്നവരാണ് നിങ്ങളെങ്കിൽ നിങ്ങൾ ഭാഗ്യവാൻമാർ. കാരണം, ഇങ്ങനെയുള്ളവരെ ദൈവപുത്രൻമാരെന്നു വിളിക്കപ്പെടും. നിങ്ങളുടെ സഹനങ്ങൾ നീതിക്കുവേണ്ടിയാണെങ്കിൽ നിങ്ങൾ ഭാഗ്യവാൻമാർ. കാരണം, ഇങ്ങനെയുള്ളവർക്കുള്ളതാണ് സ്വർഗരാജ്യം. നിങ്ങൾ ക്രിസ്തുവിനെപ്രതി മനുഷ്യരാൽ അവഹേളിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും എല്ലാവിധ തിൻമകളും വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാൻമാരാണ്. കാരണം, ഇതുവഴിയായ് സ്വർഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതായികൊണ്ടിരിക്കും."

ചുരുക്കത്തിൽ, സുവിശേഷഭാഗ്യങ്ങളെ ഇങ്ങനെ കാച്ചികുറിക്കാം, "നിങ്ങൾ ദൈവവിചാരമുള്ളവരാണെങ്കിൽ, നിങ്ങൾ ഭാഗ്യവാൻമാർ. കാരണം, നിങ്ങൾ ദൈവരാജ്യം സ്വന്തമാക്കുകയും ദൈവമക്കളെന്ന് വിളിക്കപ്പെടുകയും ചെയ്യും!" നിങ്ങൾ അങ്ങനെയാണെങ്കിൽ ഇങ്ങനെയാകും എന്നുള്ള ഉറപ്പാണ് സുവിശേഷഭാഗ്യങ്ങളിലൂടെ ക്രിസ്തു സമ്മാനിക്കുന്നത്. നിങ്ങളുടെ ജീവിതം ക്രിയാത്മകമായ ചിന്തകൾകൊണ്ട് നിറയുകയും നന്മമാത്രം അഭിലഷിക്കുകയും അതിനുവേണ്ടി അദ്ധ്വാനിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ, ഉറപ്പാണ്, ദൈവരാജ്യം നിങ്ങൾക്ക് സ്വന്തമാക്കാം. ഇതിനു നേർ വിപരീതാമായാണ് നാം ജീവിതയാത്ര ചെയ്യുന്നതെങ്കിൽ, പകലിന് രാത്രി എന്നപ്പോലെ നാം ചെന്നെത്തിനിൽക്കുന്ന ഇടം ഒരിക്കലും സ്വർഗ്ഗമാകാൻ സാധ്യതയില്ല.

കർത്താവ് പറഞ്ഞത് സുവിശേഷഭാഗ്യങ്ങളെ കുറിച്ചാണ്. ഭാഗ്യങ്ങൾ എപ്പോഴും അപേക്ഷികം മാത്രമാണ്. കേറി കിടക്കാൻ ഇടമില്ലാത്തവന് മഴ ശാപമാണെങ്കിൽ വിത്തു വിതച്ചവന് അത് അനുഗ്രഹമാണ്. വേനലിൽ പെയ്തിറങ്ങുന്ന മഴ വലിയ ആശ്വാസം സമ്മാനിക്കുന്നെങ്കിൽ പുഴകളും ഡാമുകളും നിറഞ്ഞ്നിൽക്കുന്ന വർഷത്തിൽ പേമാരിയായ് പെയ്തിറങ്ങുന്ന മഴ വലിയ ആധിയാണ് സമ്മാനിക്കുന്നത്. കുഞ്ഞുങ്ങൾക്ക് മധുരം വലിയ ഭാഗ്യമാകുമ്പോൾ പ്രമേഹരോഗിക്ക് വലിയ തിന്മയാണത്. ചുരുക്കത്തിൽ, കർത്താവ് പറഞ്ഞ വചനങ്ങളെ സുവിശേഷഭാഗ്യങ്ങൾ എന്നുപറഞ്ഞ് നാം വിളിക്കുന്നുണ്ടെങ്കിൽ, ഇത്തരം ഭാഗ്യങ്ങളാകാനുമുള്ള ഒരാഹ്വാനം കൂടി ഈ വചനത്തിന് പുറകിൽ കർത്താവ് ഒളിപ്പിച്ച് വച്ചിട്ടുണ്ട്. മറ്റുള്ളവർക്ക് അനുഗ്രഹമാകാനുള്ള ഭാഗ്യങ്ങളായി ജീവിതത്തെ മാറ്റിയെടുക്കാൻ സാധിക്കുമോ?

ഭൗമീകകാര്യങ്ങൾ
പറഞ്ഞ്
ജനത്തിന്റെ കൈയ്യടി
വാങ്ങുകയല്ല കർത്താവ്.
മറിച്ച്,
ദൈവീകകാര്യങ്ങൾ
പറഞ്ഞ്
ജനത്തെ ദൈവത്തിലേ
യ്ക്കുയർത്തുന്നു.

പതിനാറു വയസുള്ള മകൻ അമ്മയോട് ചോദിച്ചു,

"അമ്മെ എന്റെ പതിനെട്ടാമത്തെ പിറന്നാളിന് അമ്മ എനിക്ക് എന്തു സമ്മാനമാണ് തരുന്നത്?"

അമ്മ പറഞ്ഞു,

"പതിനെട്ടാമത്തെ പിറന്നാൾ വരാൻ ഇനി വർഷങ്ങൾ ഉണ്ടല്ലോ മോനെ! അത് അന്ന് തീരുമാനിക്കാം..."

ആ മകന് 17 വയസ്സ് കഴിഞ്ഞു. ഒരു ദിനം പെട്ടെന്നു അവൻ ബോധമറ്റു നിലത്തു വീണു... അവന്റെ അമ്മ അവനെ ഒരു ആശുപത്രിയിൽ വളരെ പെട്ടന്നുതന്നെ എത്തിച്ചു... വിദക്ത പരിശോധനക്ക് ശേഷം ഡോക്ടർ പറഞ്ഞു,

"സോദരി, നിങ്ങളുടെ മകന്റെ ഹൃദയം തകരാറിലാണ്..."

സ്ട്രെചെറിൽ ഒന്നും അറിയാതെ കിടക്കുന്ന മകൻ അമ്മയുടെ കരച്ചിൽ കേട്ട് അതീവ ദുഃഖിതനായി... അവൻ അമ്മയോട് ചോദിച്ചു,

"അമ്മേ, ഞാൻ മരിച്ചുപോകും എന്നാണോ ഡോക്ടർ പറഞ്ഞത്?"

ഒരു പൊട്ടിക്കരച്ചിൽ മാത്രമായിരുന്നു അമ്മയുടെ മറുപടി. കുറച്ച് ദിവസങ്ങൾക്ക് ശേഷം ഒരു വലിയ ശാസ്ത്രക്രിയക്ക് ഒടുവിൽ അവൻ പൂർണ്ണ സൗഖ്യമുള്ളവനായി ആശുപത്രി വിട്ടു. അവൻ വീട്ടിലെത്തി അവന്റെ അമ്മയെ കാണാൻ അവന്റെ കണ്ണുകൾ പരതുമ്പോൾ അവനു അവന്റെ കിടക്കയിൽ നിന്നും ഒരു കത്ത് കിട്ടി.

"മകനെ, നീ ഇപ്പോൾ ഈ കത്ത് വായിക്കുന്നു. അതിനർത്ഥം എന്റെ മകൻ പൂർണ്ണ സുഖം പ്രാപിച്ച് നമ്മുടെ വീട്ടിൽ എത്തി എന്നാണ്. മോനെ, നീ ഓർക്കുന്നുവോ നീ ഒരിക്കൽ ചോദിച്ചത്. നിന്റെ പതിനെട്ടാമത്തെ പിറന്നാളിന് അമ്മ മോന് എന്ത് സമ്മാനം തരുമെന്ന്? എന്റെ മോന് അമ്മ കരുതി വച്ച സമ്മാനം എന്താണെന്ന് മോന് അറിയണ്ടേ... അത് അമ്മയുടെ ഹൃദയം ആയിരുന്നു... എന്റെ മോൻ അത് നന്നായി സൂക്ഷിച്ചു വെക്കണം. എന്റെ പൊന്നുമോന് ഒരു നൂറു ജൻമദിന ആശംസകൾ നേർന്നുകൊണ്ട് ഒത്തിരി സ്നേഹത്തോടെ അമ്മ."

ആ അമ്മ മകന് ഹൃദയ ദാനം ചെയ്യാൻ സ്വന്തം ജീവൻ ത്യാഗം ചെയ്തു. സുവിശേഷഭാഗ്യങ്ങളിലൂടെ വചനം സമർത്ഥിക്കുന്നു, ''ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ; അവർ ദൈവത്തെ

കാണും. സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാൻമാർ; അവർ ദൈവ പുത്രൻ മാരെന്നു വിളിക്കപ്പെടും. നീതിക്കുവേണ്ടി പീഡനം ഏൽക്കുന്നവർ ഭാഗ്യവാൻമാർ; സ്വർഗരാജ്യം അവരുടേതാണ്" (മത്താ 5,8-10). നമ്മളുടെ സഹനങ്ങൾ നീതിക്കുവേണ്ടിയുള്ളതാണെങ്കിൽ നമ്മൾ ഭാഗ്യവാൻമാരാണ്. കാരണം, ഇങ്ങനെപോലുള്ളവർക്കുള്ളതാണ് സ്വർഗ്ഗരാജ്യം! നമ്മളുടെ സഹനങ്ങൾ മറ്റുള്ളവർക്ക് നന്മ സമ്മാനിക്കുന്നതാണെങ്കിൽ നമ്മൾ ഭാഗ്യവാൻമാരാണ്. കാരണം, ഇങ്ങനെയുള്ളവർക്കും ദൈവരാജ്യം കൈവശമാക്കാം.

വിശുദ്ധ അൽഫോൻസമ്മയുടെ ജീവിതത്തിലേയ്ക്കൊന്നു നോക്കിയാൽ മതി. സമർത്ഥരും, കഴിവുള്ളവരുമായി ഒരുപാട് വ്യക്തികൾ കേരളസഭയിൽ ജീവിച്ചിരുന്നു. എന്നിട്ടും, തിരുസഭ ഭാരതത്തിലെ പ്രഥമ വിശുദ്ധ എന്ന് പേർ നൽകി അലംങ്കരിച്ചിരുന്നത് മാറാരോഗിണിയായി ഒരുപാട് കാലം രോഗശയ്യയിലായിരുന്ന വി. അൽഫോൻസാമ്മയെയാണ്. ഇവിടെയാണ് മനുഷ്യബുദ്ധിയും ദൈവജ്ഞാനവും തമ്മിലുള്ള അന്തരം ആരംഭിക്കുന്നത്. മനുഷ്യന്റെ കണ്ണിലെ ഭാഗ്യങ്ങൾ ഒരിക്കലും ദൈവത്തിന്റെ കണ്ണിൽ ഭാഗ്യങ്ങളായി മറ്റപ്പെടണമെന്ന് നിർബന്ധമില്ല. പക്ഷെ, ദൈവത്തിന്റെ കണ്ണിലെ ഭാഗ്യങ്ങൾ എന്നും മനുഷ്യന് അനുഗ്രഹങ്ങൾ മാത്രമായിരിക്കും.

സുവിശേഷഭാഗ്യങ്ങളിലേയ്ക്കൊന്നു കണ്ണോടിച്ചാൽ, കർത്താവ് പറയുന്നത്, "ദരിദ്രരായവർ, വിലപിക്കുന്നവർ, വിശക്കുന്നവർ, ദാഹിക്കുന്നവർ, പീഡനം ഏൽക്കുന്നവർ, അവഹേളിക്കപ്പെടുന്നവർ, തിൻമകൾ വ്യാജമായി ആരോപിക്കപ്പെടുന്നവർ.... ഇവരൊക്കെ ഭാഗ്യവാൻമാർ എന്നാണ്." മാനുഷികമായ കാഴ്ച്ചപ്പാടിൽ ഇതൊന്നും ഭാഗ്യമല്ല എന്ന് നമുക്ക് അറിയാം. മറിച്ച്, ശാപങ്ങളായാണ് നാം ഇവയെയൊക്കെ കാണുന്നത്. വീണ്ടും മാനുഷിക ബുദ്ധിയും ദൈവീകജ്ഞാനവും തമ്മിലുള്ള അന്തരം വർദ്ധിക്കുന്നു. പക്ഷെ, യാഥാർത്ഥ്യം, വെള്ളം തേടി ഏതൊക്കെ വൃക്ഷത്തിന്റെ വേരുകൾ ഏറെ ദൂരം യാത്ര ചെയ്തിട്ടുണ്ടോ, ആ വൃക്ഷങ്ങളൊക്കെയാണ് വടവൃക്ഷങ്ങളായി മാറ്റപ്പെട്ടിരിക്കുന്നത്. വെള്ളമൊഴിച്ച് കൊടുത്ത് വളർത്തിയ ഒരു വൃക്ഷവും വടവൃക്ഷങ്ങളായി മാറ്റപ്പെട്ടിട്ടില്ല. മാനുഷികദൃഷ്ടിയിലെ കഴിവുകേടുകളെയും തകർച്ചകളെയും ശാപങ്ങളെയും ദൈവകൃപയുടെ നീർച്ചാലുകളാക്കാൻ സാധിക്കുമ്പോൾ മനുഷ്യജീവിതം അനുഗ്രഹ പൂർണമാകുന്നു.

സുവിശേഷഭാഗ്യങ്ങൾ സ്വർഗ്ഗം സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവർക്കുള്ള ടെസ്റ്റ് പേപ്പറാണ്. ചോദ്യവും ഉത്തരവും ഇതിലുണ്ട്. ഈ ചോദ്യവും ഉത്തരവും നിന്റെ ജീവിതവും തമ്മിൽ എന്തുമാത്രം പൊരുത്തങ്ങളുണ്ട്...

"പിതാവായ ദൈവത്തിന്റെ മുമ്പിൽ
പരിശുദ്ധവും നിഷ്കളങ്കവുമായ ഭക്തി ഇതാണ്:
അനാഥരുടെയും വിധവകളുടെയും ഞെരുക്കങ്ങളിൽ
അവരുടെ സഹായത്തിനെത്തുക;
ലോകത്തിന്റെ കളങ്കമേൽക്കാതെ തന്നെത്തന്നെ കാത്തുസൂക്ഷിക്കുക!"

യാക്കോ 1,27

ഫാ. ജോബി മേനോത്ത്
+91 944 7777 931